# ഏ: ചില പ്രധാന വസ്തുതകൾ

## യൂണിറ്റ് – 01 – ആമുഖം – (1)

**ഖുർആൻ അവതരിപ്പിച്ചത് ചിന്തിക്കാൻവേണ്ടി**

| | | | |
|---|---|---|---|
| مبارك | إلَيك | أنزلْناه | كتاب |
| അനുഗ്രഹീതമായ | താങ്കളിലേക്ക് | നാം അതിനെ ഇറക്കി | ഒരു ഗ്രന്ഥം |
| أُوْلُوا الأَلْبابِ ﴿ص ٢٩﴾ | وليتذَكر | آياته | ليدبروا |
| ബുദ്ധിയുള്ളവർ | പാഠമുൾക്കൊള്ളേണ്ടതിന്നും | അതിലെ സൂക്തങ്ങളെക്കുറിച്ച് | അവർ ചിന്തിക്കുന്നതിന്ന് |

താങ്കളിലേക്ക് നാം ഇറക്കിയ ഒരനുഗ്രഹീത ഗ്രന്ഥമാകുന്നു ഇത്. അവർ അതിലെ സൂക്തങ്ങളെക്കുറിച്ച് ചിന്തിക്കുന്ന തിന്നും ബുദ്ധിയുള്ളവർ പാഠമുൾക്കൊള്ളേണ്ടതിന്നും (സുറ: സ്വാദ് 29)

## യൂണിറ്റ് – 02 – ആമുഖം – (2)

**ഖുർആൻ ഗ്രഹിക്കാൻ എളുപ്പം**

| | | |
|---|---|---|
| للذِّكْرِ | يسرْنا القُرْءَانَ | ولَقَدْ |
| ഓർക്കാനും മനസ്സിലാക്കാനും വേണ്ടി | ഖുർആനെ നാം എളുപ്പമാക്കി | തീർച്ചയായും |
| ﴿القمر: ١٧، ٢٢، ٣٢، ٤٠﴾ | من مدكر | فَهلْ |
| | ഗ്രഹിക്കുന്നവർ ആരെങ്കിലും | അതിനാൽ ... ഉണ്ടൊ? |

തീർച്ചയായും ഖുർആനെ നാം എളുപ്പമാക്കിയിരിക്കുന്നു; ഓർക്കാനും മനസ്സിലാക്കാനും വേണ്ടി. അതിനാൽ ഗ്രഹിക്കുന്നവർ ആരെങ്കലും ഉണ്ടൊ? (സൂറ: അൽ–ഖമർ: 17, 22, 32, 40)

ഒരിക്കൽ നബി(സ്വ) പറഞ്ഞു: "70,000 പേർ വിചാരണകൂടാതെ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതാണ്". ഇത് കേട്ടമാത്രയിൽ ഉക്കാശ (റ) എഴുന്നേറ്റ് നബി(സ്വ)യോട് പറഞ്ഞു: എന്നെ അക്കൂട്ടക്കിൽപ്പെടുത്താൻ അല്ലാഹുവിനോട് പ്രാർഥിക്കണേ! നബി(സ്വ) പറഞ്ഞു: താങ്കൾ അക്കൂട്ടത്തൽപ്പെട്ടയാൾതന്നെ. ഉടൻ മറ്റൊരു സ്വഹാബി എഴുന്നേറ്റ് അദ്ദേഹത്തേയും അക്കൂട്ടത്തിൽപ്പെടുത്തുന്നതിന് അല്ലാഹുവിനോട് പ്രാർഥിക്കാൻ നബിയോടഭ്യർഥിച്ചു; നബി(സ്വ) പറഞ്ഞു: ഉക്കാശ താങ്കളെ മുൻകടന്നിരിക്കുന്നു.

അതെ, നാമും ഉടൻ പ്രാഥിക്കുക, അല്ലാഹുവേ, എന്നെ ഖുർആൻ ഗ്രഹിക്കുന്നവരുടെ കൂട്ടത്തിൽപ്പെടുത്തേണമേ!
വൈകിയാൽ നമ്മുടെ അവസരം നഷ്ടപ്പെട്ടേക്കാം.

**ഖുർആൻ പഠിക്കുന്നതും പഠിപ്പിക്കുന്നതും ഉത്തമമായ പ്രവൃത്തി**

| | | | |
|---|---|---|---|
| وعلمه (بخاری) | تعلم القُرْآنَ | منْ | خيْركُمْ |
| എന്നിട്ട് പഠിപ്പിച്ചുകൊടുക്കുകയും ചെയ്യുന്നവൻ | ഖുർആൻ പഠിക്കുന്നവൻ | ഒരുവനാണ് | നിങ്ങളിൽ ഉത്തമൻ |

നിങ്ങളിൽ ഉത്തമൻ ഖുർആൻ പഠിക്കുകയും എന്നിട്ടത് (മറ്റുള്ളവർക്ക്) പഠിപ്പിച്ചുകൊടുക്കുകയും ചെയ്യുന്നവനാണ് (ബുഖാരി നിവേദനം ചെയ്ത നബി വചനം)

**ഉദ്ദേശമനുസരിച്ചാണ് ഫലം ലഭിക്കുന്നത്**

| | | |
|---|---|---|
| بِالّنِيات (بخاری) | الأَعْمالُ | إنما |
| ഉദ്ദേശ ശുദ്ധിയനുസരിച്ച് | പ്രവർത്തനങ്ങൾ | മാത്രമാണ് |

പ്രവർത്തനങ്ങൾ ഉദ്ദേശ ശുദ്ധിയനുസരിച്ച് മാത്രമാണ് (പരിഗണിക്കപ്പെടുന്നത്) – ബുഖാരി നിവേദനം ചെയ്ത നബി വചനം